"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം അയത്തിൽ വേലായുധ വിലാസം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ യു പി എസ് ടി ശ്രീമതി അനുപമ പി ഫയൽ ചെയ്ത WP(C) No. 24446/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 9.11.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2090/2022/GEDN തീയതി,തിരുവനന്തപുരം, 30-03-2022

പരാമർശം:- 1. ശ്രീമതി അനുപമ പി സമർപ്പിച്ച 10.10.2021ലെ ഹർജി (Ext P4)

2.ശ്രീമതി അനുപമ പി ഫയൽ ചെയ്ത WP(C) No. 24446/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 9.11.2021 ലെ വിധിന്യായം

3.കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 11.2.2022 ലെ DDEKLM/14283/2021-B3 നമ്പർ കത്ത്

4.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.2.2022 ലെ ET1/686/2022/DGE നമ്പർ കത്ത്

ഉത്തരവ്

കൊല്ലം അയത്തിൽ വേലായുധ വിലാസം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ യു പി എസ് ടി ശ്രീമതി അനുപമ പി ഫയൽ ചെയ്ത WP(C) No. 24446/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 9.11.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുൻപാകെ സമർ പ്പിച്ച Ext P4 ഹർ ജി , ഹർജിക്കാരിയെയും മാനേജരെയും ഉചിത മാർഗേന കേട്ടുകൊണ്ട് തീർപ്പാക്കുവാൻ സർക്കാരിന് നിർദേശം ലഭിക്കുകയുണ്ടായി . അതിന്റെ അടിസ്ഥാനത്തിൽഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗ്രഗിൾ മീറ്റ് വഴി 15.2.2022-ന് കേട്ടു.

2) ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.

കൊല്ലം ജില്ലയിലെ അയത്തിൽ വേലായുധ വിലാസം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. ശ്രീമതി. അനുപമ.പി എന്നവരെ 02/09/2021 മുതൽ ഒരു അധിക തസ്തികയിൽ യു.പി.എസ്.റ്റി ആയി നിയമിച്ചു. 2019-20 തസ്തിക നിർണ്ണയ ഉത്തരവിൽ രണ്ട് യു.പി.എസ്.ടി അധിക തസ്തികകൾ അനുവദിച്ചിട്ടുള്ളതാണ്. മേൽ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു

2019-20 തസ്തിക നിർണ്ണയ ഉത്തരവ് തന്നെയാണ് 2021-22 വരെ തുടർന്ന് വന്നിരുന്നത്. 2019-20 തസ്തിക നിർണ്ണയ ഉത്തരവിൽ രണ്ട് യു.പി.എസ്.റ്റി അധിക തസ്തികകൾ അനുവദിച്ചിരുന്നു. എന്നാൽ ഒരു തസ്തികയിൽ മാത്രമേ നിയമനം നടത്തിയിട്ടുള്ളൂ സ.ഉ(പി) നം.4/2021/പൊ.വി.വ തീയതി 06/02/2021 ഉത്തരവും സർക്കുലർ നം. എച്ച്2/19500/2019/ഡി.ജി.ഇ തീയതി 26/02/2021 അനുസരിച്ചും അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിച്ച് ലഭിക്കുവാൻ വേണ്ടുന്ന ഡിക്ലറേഷൻ സർപ്പിക്കുവാൻ മാനേജർ തയ്യാറാണ്.

ആയതിനാൽ മേൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി. അനുപമ.പി എന്നവരുടെ 02/09/2021 മുതലുള്ള യു.പി.എസ്.റ്റി ആയുള്ള നിയമനം അംഗീകരിച്ച് നൽകുവാൻ ഒരു ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3) <u>ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ വാദം ചുവടെ ചേർക്കുന്നു.</u>

അയത്തിൽ വി.വി.വി.എച്ച്.എസ് സ്കൂളിലെ 2019-20 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം യു.പി.എസ്.ടി വിഭാഗത്തിന് 2 അധിക തസ്തികയാണ് അനുവദിച്ചു നൽകിയത്. മാനേജർ ശ്രീമതി. അനുപമയെ 2019-20 വർഷത്തെ അധിക തസ്തികയിലാണ് 02/09/2021 മുതൽ നിയമിച്ചത്. 06/07/2021 ലെ (സാധാ) 3287/21/പൊ.വി.വ പ്രകാരം 2021-22 വർഷം എയ്ഡഡ് സ്കൂളുകളിൽ റെഗുലർ തസ്തികകളിൽ (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം തുടങ്ങിയവ) ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ചുകൊണ്ട് 15/07/2021 മുതൽ മാനേജർക്ക് നിയമനം നടത്താവുന്നതാണ് എന്നാണ് ഉത്തരവ്. എന്നാൽ മാനേജർ ശ്രീമതി. അനുപമ.പി യെ യു.പി.എസ്.ടി ആയി നിയമിച്ചത് 2019-20 വർഷം ഉണ്ടായ അധിക തസ്തികയിലാണ്. മേൽ കാരണത്താലാണ് ശ്രീമതി. അനുപമ.പിയുടെ യു.പി.എസ്.ടി തസ്തികയിലെ നിയമനം ഈ ആഫീസിൽ നിന്നും നിരസിച്ചു നൽകിയത്. പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ സ.ഉ (അച്ചടി) നം.04/2021/പൊ.വി.വ തീയതി 06/02/2021 ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകുന്നത് സംബന്ധിച്ചാണ്. ശ്രീമതി. അനുപമ.പി യെ മാനേജർ നിയമിച്ചത് 2019-20 വർഷത്തെ അധിക തസ്തികയിൽ 02/09/2021 മുതലാണ് എന്ന വിവരം കൂടി സവിനയം റിപ്പോർട്ട് ചെയ്യുന്നു.

4) <u>വിദ്യാഭ്യാസ ഉപഡയറക്ടറുടെ വാദം ചുവടെ ചേർക്കുന്നു.</u>

അയത്തിൽ വി.വി.വി.എച്ച്.എസിൽ 2019-20 അധ്യയന വർഷം അനുവദിച്ച യു.പി.എസ്.റ്റി യുടെ അധിക തസ്തികയിൽ 02/09/2021 മുതൽ നിയമിതയായ അദ്ധ്യാപികയാണ് പരാതിക്കാരിയായ ശ്രീമതി. അനുപമ.പി. ടിയാരിയുടെ നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചതിനെതിരായി ടിയാരി ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി നം.24446/2021 കേസ് ഫയൽ ചെയ്യുകയും സർക്കാരിൽ റിവിഷൻ പെറ്റിഷൻ സമർപ്പിക്കുകയും ചെയ്തു. ടി കേസിൽ ബഹു. കേരള ഹൈക്കോടതി 09/11/2021 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി ബന്ധപ്പെട്ടവരെ നേരിൽ കേട്ട് 3 മാസത്തിനകം തീർപ്പുകൽപ്പിക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ടാണ് ടി കേസ് തീർപ്പാക്കിയിട്ടുള്ളത്. 2021-22 വർഷം എയിഡഡ് സ്കൂളുകളിലുണ്ടാകുന്ന റഗുലർ തസ്തികകളിൽ (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം) ഉണ്ടാകുന്ന

അധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ചുകൊണ്ട് 15/07/2021 മുതൽ മാനേജർമാർക്ക് നിയമനം നടത്താമെന്ന് 06/07/2021 ലെ സ.ഉ (സാധാ) നം.3287/2021/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ശ്രീമതി. അനുപമ.പി-യെ യു.പി.എസ്.ടി ആയി നിയമിച്ചിട്ടുള്ളത് 2019-2020 വർഷത്തെ അധിക തസ്തികയിലാണ്. 2016-2017 മുതൽ 2019-2020 വരെയുള്ള കാലയളവുകളിൽ അനുവദിച്ചിട്ടുള്ള അധിക തസ്തികകളിൽ മാനേജർ മാർ 2021-2022 വർഷം നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും തന്നെ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല എന്ന കാരണത്താലാണ് ടിയാരിയുടെ നിയമനം കെ.ഇ.ആർ അധ്യായം XIV എ ചട്ടം 8(3) പ്രകാരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നൽകിയത്.

അതിനെതിരെ കെ.ഇ.ആർ അധ്യായം XIV എ ചട്ടം 8(5) പ്രകാരമുള്ള statutory അപ്പീൽ കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ മുൻപാകെ സമർപ്പിച്ചിട്ടില്ല. 2019-2020 വർഷം അനുവദിച്ച യു.പി.എസ്.റ്റി.യുടെ അധിക തസ്തികയിലെ നിയമനത്തിൽ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) ലെ 1:1 സംരക്ഷിത അധ്യാപക വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, അയത്തിൽ വി.വി.വി.എച്ച്.എസിൽ 2019-20 അധ്യയന വർഷം അനുവദിച്ച യു.പി.എസ്.റ്റി.യുടെ അധിക തസ്തികയിൽ 02/09/2021 മുതൽ നിയമിതയായ ശ്രീമതി. അനുപമ.പി-യുടെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജിയിലെ ആവശ്യം പരിഗണന അർഹിക്കുന്നതല്ല എന്ന വിവരം അറിയിക്കുന്നു.

5) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. സ.ഉ (അച്ചടി)നം. 4 / 2 1 എയ്ഡഡ് സ്കൂളുകളിൽ 2016-17 മുതൽ 2019-20 വരെ നിയമിതരായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകുന്നതിനുവേണ്ടി മാത്രം പരിമിതപ്പെട്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹർജിക്കാരിയായ ശ്രീമതി. അനുപമ.പി യെ മാനേജർ നിയമിച്ചത് 2019-20 വർഷത്തെ അധിക തസ്തികയിൽ ആണെങ്കിൽ കൂടി ടിയാരി നിയമിതയായത് 2.9.2021 മുതലാണ്. പ്രസ്തുത ഉത്തരവ് 2021-22വർഷത്തേയ്ക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് നിലവിലില്ല. അതുകൊണ്ട് ഹർജിക്കാരിയുടെ ആവശ്യം നിരസിച്ചുകൊണ്ട് എക്സിബിറ്റ്.പി.4 തീർപ്പാക്കി അപ്രകാരം പരാമർശം (2) ലെ ബഹു: ഹൈക്കോടതി വിധി നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ / ആഡിറ്റ്), തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ , കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

സ.ഉ.(സാധാ) നം.2090/2022/GEDN

ശ്രീമതി അനുപമ പി , യു പി എസ് ടി , വേലായുധ വിലാസം വി എച് എസ് എസ് അയത്തിൽ , കൊല്ലം

മാനേജർ , വേലായുധ വിലാസം വി എച് എസ് എസ് അയത്തിൽ , കൊല്ലം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S L
Date: 30-03-2022 16:29:11
സെക്ഷൻ ഓഫീസർ